# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4661     26.10.16 -ലെ മറുപടി

## തീര സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>" എം.വിൻസെന്റ്<br>" അൻവർ സാദത്ത്<br>" ഹൈബി ഈഡൻ | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തീര സംരക്ഷണത്തിനായി ജലസേചന വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിനായി നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും കേരളത്തിന്റെ കടൽത്തീരത്തിന്റെ പ്രത്യേകതയും കടലാക്രമണത്തിന്റെ - തിരയുടെ - തീവ്രതയും കണക്കിലെടുത്ത് തീരസംരക്ഷണത്തിനായി IIT/CWPRS പഠന പ്രകാരം കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ടുകളാണ് നിർമ്മിച്ചു വരുന്നത്. ഫലപ്രദമായ മറ്റു മാർഗ്ഗങ്ങൾ പരിശോധിക്കുന്നതിനയി "കേരളത്തിന്റെ കടൽതീര സംരക്ഷണത്തെ സംബന്ധിച്ച്" ഈ മേഖലയിലെ പ്രശസ്തരായിട്ടുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. Geo Textile Tube, Beach formation, sand bag for emergency works, ശരിയായ രീതിയിൽ രൂപകൽപന ചെയ്ത seawall/ groins, കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുക മുതലായ പദ്ധതി കളെകുറിച്ച് ചർച്ച ചെയ്യുകയും ഓരോന്നിന്റേയും ഗുണദോഷങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |
| (സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) പതിമൂന്നാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി 2010 - 2015 കാലയളവിൽ തീര സംരക്ഷണത്തിനായി 100 കോടി രൂപയുടെ ധനസഹായം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ